ഉത്തരം

(എ) എൻ.സി./പി.സി. പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പഴവങ്ങാടി വാർഡ് നമ്പർ 6
2. വടശ്ശേരിക്കര വാർഡ് നം. 142
3. പെരിനാട് വാർഡ് നം. 2

(ബി) സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പൈപ്പുകൾ വാങ്ങാൻ അതോറിറ്റി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 12/2000-ൽ.

മലയോര പ്രദേശങ്ങളിലെ നീരുറവകൾ

97 (2009) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലെ നീരുറവകൾ പ്രയോജനപ്പെടുത്തി ജനസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ സർക്കാർ പരിഗണിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മലയോര പ്രദേശങ്ങളിൽ കണ്ടുവരുന്ന നീരുറവകളിൽ ചെറു സംഭരണികൾ നിർമ്മിച്ച് ജലം സംഭരിച്ച് ആ പ്രദേശത്ത് കുടിവെള്ളത്തിനും ജല സേചനത്തിനും സഹായകമായ പദ്ധതികൾ സ്പോൺസറിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുവേണ്ടി 'മലയോര ജലസംരഭണ പദ്ധതി' ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ സ്കീമിലെ ജോലികൾ ഏറ്റെടുക്കുമ്പോൾ മൊത്തം തുകയുടെ 85% സർക്കാരും ബാക്കി 15% സ്പോൺസറിംഗ് ഏജൻസിയും വഹിക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തീകരിച്ചശേഷം ഉണ്ടാകുന്ന എല്ലാ അറ്റകുറ്റപ്പണികളുടെ ചെലവും സ്പോൺസറിംഗ് ഏജൻസി വഹിക്കേണ്ടതാണ്.

കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ നിർമ്മാണം

98 (2010) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ൽ ശിലാസ്ഥാപനം നടത്തിയതും നിർമ്മാണം ആരംഭിച്ചതുമായ കണക്കൻ കടവ് ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ നിർമ്മാണം നിലച്ചുപോയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ പണി പുനരാരംഭിച്ചിട്ടുണ്ടോ ; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പണിപൂർത്തിയാക്കാതെ ഇതിന്റെ ഉദ്ഘാടനം ജലസേചന വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ ശിലാസ്ഥാപനം 14-11-1983-നാണ് നടത്തിയത്. 29-6-1984-ൽ പണി തുടങ്ങിയ ഈ പ്രോജക്റ്റ് 28-6-1997 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ ഈ കാലങ്ങളിൽ പ്രസ്തുത പണിക്കായി അലോട്ടു ചെയ്ത ഫണ്ടിന്റെ കുറവു മൂലവും പണിയുടെ രൂപകല്പനയിൽ വന്ന ചില മാറ്റങ്ങൾകൊണ്ടും പണി ഉദ്ദേശിച്ച രീതിയിൽ പുരോഗമിച്ചില്ല. അതുകൊണ്ട് 26-7-1987-ന് ശേഷം ഈ പ്രോജക്ടിന്റെ പണി മുടങ്ങുകയും 26-6-1991-ൽ പണി ഏറ്റെടുത്തിരുന്ന കരാറുകാരനെ ഒഴിവാക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) ഉണ്ട്. 30.9.1999-ൽ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 1200 ലക്ഷം രൂപ.

(ഇ) ഉണ്ടായില്ല.

(എഫ്) 1-6-1994-ൽ പുനരാരംഭിച്ച ഇതിന്റെ പണി 31-3-1999-ൽ പൂർത്തിയാക്കി. 30-5-1999 ന് മുമ്പ് പ്രോജക്ടിന്റെ എല്ലാ പണികളും തീർക്കുവാൻ ലക്ഷ്യമിട്ട് ഉദ്ഘാടന തീയതി നിശ്ചയിച്ചു. എന്നാൽ പെട്ടെന്നുണ്ടായ കനത്ത മഴമൂലം അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, ടാറിംഗ്, റഗുലേറ്റർ ഷട്ടർ ഘടിപ്പിക്കൽ എന്നി പണികൾ ചെയ്തു തീർക്കാൻ കഴിയാതെവന്നു. ബാക്കിയുള്ള പണികൾ തീർത്ത് പാലം ഗതാഗതത്തിനായി തുറന്നുകൊടുത്തു കഴിഞ്ഞു.

വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സഹായം

99 (2011) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ആറ്റുതീരങ്ങളിൽ താമസിക്കുന്ന പത്തും പതിനഞ്ചും സെന്റുവീതം ഭൂമിയുള്ള പാവപ്പെട്ടവരുടെ ഭൂമി നഷ്ടപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly